## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2647**

**21.06.2012-ൽ മറുപടിയ്ക്ക്**

### സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ. സി. ജോസഫ്<br>( ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിവരുന്ന സംഭാവനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 1970-ൽ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ രൂപീകരണം മുതൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് സമഗ്രമായിട്ടുള്ള സംഭാവനകൾ നൽകിവരുന്നു.<br>പ്രയോഗ സാമ്പത്തിക ശാസ്ത്രത്തിൽ എം.ഫിൽ, പി.എച്ച്.ഡി<br>സാമ്പത്തിക ശാസ്ത്രത്തിൽ പുതിയ എം.എ പ്രോഗ്രാം (2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു.)<br>വിവിധ മേഖലകളിൽ പരിശീലനവും, ഗവേഷണവും പ്രസിദ്ധീകരണവും ഗവേഷണ കണ്ടെത്തലുകളുടെ വ്യാപനവും സെന്റർ നടത്തിവരുന്നു. |
| (ബി) | ഈ സ്ഥാപനത്തിന്റെ പുതിയ കണ്ടെത്തലുകൾ സംസ്ഥാനം എത്രത്തോളം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിലെ ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ മറ്റു ഗവേഷകർ എന്നിവർ കൂടാതെ സ്ഥാപനങ്ങൾ, ഗവൺമെന്റ് |

ഏജൻസികൾ എന്നിവ സി.ഡി. എസ്സിന്റെ പാഠ്യ പദ്ധതികൾ, പരിശീലന പരിപാടികൾ, ഗവേഷണ യൂണിറ്റുകൾ, ഗ്രന്ഥശാല ഗവേഷണ കണ്ടെത്തലുകൾ എന്നിവ ഫലപ്രദ മായി പ്രയോജനപ്പെടുത്തി വരുന്നു.

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തന ത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

(സി) സെന്ററിന്റെ പ്രവർത്തനത്തിനു വേണ്ടിയുള്ള ധനസഹായം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിന്റെ മാനവവിഭവ വികസന മന്ത്രാലയത്തിന്റെ കീഴി ലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചുമായി ചേർന്നാണ് നൽകി വരുന്നത്.

(ഡി) സി.ഡി.എസ് സ്വന്തം നിലയിൽ ഫണ്ട് സ്വരൂപിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോ ചിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(ഡി) ഉണ്ട്. ഗസ്റ്റ് ഹൗസ് വാടക, വീട്ടുവാടക, ഹോസ്റ്റൽ വാടക, ട്യൂഷൻ ഫീസ്, ഗ്രന്ഥശാലാ അംഗത്വഫീസ്, അപേക്ഷാഫീസ് മുതലായ ആഭ്യന്തര സ്രോത സ്സുകളിലൂടെ സെന്റർ സ്വന്തം നിലയിൽ ചെറിയ രീതിയിലുള്ള ഫണ്ട് ശേഖരണം നടത്തുന്നുണ്ട്.

Sheela H

സെക്ഷൻ ഓഫീസർ